# ആത്മാവിൽ ഉജ്ജ്വലിക്കുവിൻ

(റോമാ 12:11)



## വിചിന്തനം മെയ് 2021

ആത്മീയജീവിതത്തിൽ അഭിവൃദ്ധി പ്രാപിക്കണമെന്നു അഭിലഷിക്കുന്ന ഏവരും അഭിമുഖീകരിക്കേണ്ടിവരുന്ന ഒരു പ്രശ്നമാണ് മന്ദോഷ്ണത. ക്രിസ്തീയജീവിതത്തിൽ മന്ദോഷ്ണതക്കു തെല്ലൊരിടം പോലും ഉണ്ടായിക്കൂടാ എന്ന് പൗലോസ് അപ്പസ്തോലൻ നമ്മെ ഓർമ്മപ്പെടുത്തുന്നു (റോമ 12:11). ആത്മീയപ്രതിബദ്ധതയ്ക്ക് ആവശ്യമായ തീക്ഷ്ണതയെയും തീവ്രതയെയും കുറിച്ചു സംസാരിക്കുന്ന അദ്ദേഹം ആത്മാവിൽ ജ്വലിക്കുന്ന ജീവിതം നയിക്കുന്നതിന് നമ്മെ ആഹ്വാനം ചെയ്യുന്നു. ദൈവാത്മാവ് നമ്മിൽ കൊളുത്തിയ അഗ്നി നമ്മിലെ ഉത്സാഹത്തെ ഉദ്ധീപിപ്പിക്കും വിധം നിരന്തരം ജ്വലിക്കുന്നുണ്ടെന്നു നാം ഉറപ്പുവരുത്തണമെന്നും ഓർമിപ്പിക്കുന്നു.

**പരിശുദ്ധാത്മാവ്- ജീസസ് യൂത്തിന്റെ സത്തയും അടിത്തറയും**

ജീസസ് യൂത്തിന്റെ നാൾവഴികളെക്കുറിച്ച് ഓർമിക്കുമ്പോൾ നമുക്കെങ്ങനെ പരിശുദ്ധാത്മാവിനെക്കുറിച്ചു പരാമർശിക്കാതിരിക്കാനാവും? കാരണം, പരിശുദ്ധാത്മാവിന്റെ വരദാനങ്ങളും നമ്മുടെയുള്ളിലെ അവിടത്തെ സാന്നിദ്ധ്യവും നമ്മിലൂടെ അവിടന്നു നിർവഹിക്കുന്ന പ്രവർത്തനങ്ങളുമാണ് നമ്മുടെ സത്തയും അടിത്തറയും. പരിശുദ്ധാത്മസ്നാനത്തിലൂടെ യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടുന്നതോടെയാണ് യഥാർഥത്തിൽ നമ്മുടെ അദ്ധ്യാത്മികജീവിതം ആരംഭിക്കുന്നത്. ദൈവമക്കളുടെ അതുല്യമായ കുലീനതയും ശ്രേഷ്ഠതയും നൽകുന്ന മാമോദീസ, സ്ഥൈര്യലേപനം എന്നീ കൂദാശകളിലൂടെ നമുക്കു നല്കപ്പെട്ടിരിക്കുന്ന സമ്പന്നവും ഫലദായകവുമായ ആന്തരികതയുടെ നവ്യമായ പുതുക്കലാണ് ഈ ദൈവാനുഭവം. 'ആത്മാവിൽ ഉജ്ജ്വലിക്കുന്നതിന്' നമ്മോട് ആഹ്വാനം ചെയ്യുന്നതിലൂടെ ദൈവത്തിലുള്ള നമ്മുടെ ദത്തുപുത്രസ്ഥാനത്തിന്റെ മഹത്വത്തെക്കുറിച്ചുള്ള വർധിത അവബോധത്തിലേയ്ക്കു ശ്ലീഹാ നമ്മെ ക്ഷണിക്കുകയാണ്. ഇത് നമ്മുടെ ചിന്താരീതിയെയും പ്രവർത്തനശൈലിയെയും അസ്തിത്വത്തെത്തന്നെയും രൂപാന്തരപ്പെടുത്തുന്നതിനുള്ള ക്ഷണവുമാണ്.

**ഉണരുന്ന അപ്പസ്തോലന്മാർ**

പെന്തക്കുസ്താദിനത്തിൽ സംഭവിച്ച മഹത്തായ ആത്മീയ ഉണർവ് ശിഷ്യരുടെ ഭയത്തിന്റെ ചങ്ങലകളെ തകർത്തെറിയുകയും ആത്മീയ മയക്കത്തിൽ നിന്ന് അവരെ വിളിച്ചുണർത്തുകയും ചെയ്തു. പരിശുദ്ധാത്മഅഗ്നിയിൽ ഹൃദയം ജ്വലിച്ച് സെഹിയോൻ മാളികമുറിയിൽ നിന്ന് പുറത്തിറങ്ങിയ അവർ രക്ഷയുടെ സന്ദേശം പ്രഘോഷിച്ചുകൊണ്ട് ഒരു കൊടുങ്കാറ്റുപോലെ ലോകത്തെ കീഴ്മേൽമറിക്കുന്നവരായിമാറി. സുവിശേഷവത്കരണത്തിനുവേണ്ടിയുള്ള ജീവസ്സുറ്റ അവരുടെ പ്രതിബദ്ധത അവരിലെ തീക്ഷ്ണതയെ കാത്തുസൂക്ഷിക്കുകയും പരിശുദ്ധാത്മാവിന്റെ ശാന്തവും എന്നാൽ ശക്തവുമായ പ്രവർത്തനങ്ങളുടെ മുമ്പിൽ തുറവിയോടെ നില്ക്കാൻ അവരെ സഹായിക്കുകയും ചെയ്തു.

**ദൈവാത്മാവിന്റെ സ്വാധീനം**

പരിശുദ്ധാത്മാവിന്റെ ചലനാത്മകവും സജീവവുമായ പ്രകൃതത്തെയും ക്രിസ്തുവിശ്വാസികളുടെ പ്രവർത്തനങ്ങളിലും അവരുടെ സത്തയിലുമുള്ള അവിടത്തെ സ്വാധീനത്തെക്കുറിച്ചു പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നുണ്ട്. ദൈവമക്കൾ എന്ന നിലയിലുള്ള നമ്മുടെ സ്വത്വത്തെ നിർണയിക്കുന്നത് തങ്ങളുടെ ഉള്ളിലെ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമാണെന്ന് ശ്ലീഹാ വ്യക്തമാക്കുന്നു. ദൈവാത്മാവ് നമ്മിൽ വസിക്കുന്നുവെന്നും (റോമാ 8:9 ,1 കോറി. 3:16) ദൈവം തന്റെ പുത്രന്റെ ആത്മാവിനെ നമ്മുടെ ഹൃദയങ്ങളിലേക്ക് അയച്ചിരിക്കുന്നുവെന്നും (ഗലാ. 4:6) ഓർമിപ്പിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽ നിന്നു മോചിപ്പിക്കപ്പെടുകയും പുത്രസ്വീകാര്യത്തിന്റെ ആത്മാവിനെ സ്വീകരിക്കുകയും ചെയ്ത നമുക്ക് ഇതുവഴി മക്കൾ എന്നനിലയിൽ അവിടത്തെ 'ആബ്ബാ! പിതാവേ' (റോമാ 8:2,15,16) എന്നു വിളിക്കാനും കഴിയുന്നു.

**ജീസസ് യൂത്ത് - തീവ്രമായ പ്രാർത്ഥനയുടെ വ്യക്തി**

ക്രിസ്തുകേന്ദ്രീകൃതമായും ക്രിസ്തുവാഹകരായും ജീവിക്കുന്നതിലൂടെയാണ് ഒരു ജീസസ് യൂത്ത് തന്റെ വ്യതിരിക്തത നിലനിർത്തുന്നതെന്ന കാര്യം സദാ ഓർമയിലുണ്ടാവണം. അതുകൊണ്ടുതന്നെ ഓരോ ജീസസ് യൂത്തും ആദ്യമേതന്നെ കർത്താവുമായി സ്നേഹത്തിന്റെ ജീവസ്സുറ്റ ഒരു കൂട്ടായ്മ പടുത്തുയർത്തുന്ന തീവ്രമായ പ്രാർഥനയുടെ വ്യക്തിയാവേണ്ടതുണ്ട്. നമ്മുടെയുള്ളിൽ പരിശുദ്ധാത്മസാന്നിദ്ധ്യം ഇല്ലെങ്കിൽ അവിടെ യഥാർഥ പ്രാർത്ഥനയും ഉണ്ടാവില്ല (റോമ 8:26-28). ഇതിന് ദൈവാത്മാവുമായി ചേർന്നിരിക്കുന്ന കൂട്ടായ്മ നിശ്ചയമായും ആവശ്യമാണ്. 'ആത്മാവിൽ ഉജ്ജ്വലിക്കുന്നതിന്' പൗലോസ്ശ്ലീഹാ നമ്മെ പ്രേരിപ്പിക്കുമ്പോൾ, ഉള്ളിലെ പരിശുദ്ധാത്മസാന്നിദ്ധ്യത്തോടു സൂക്ഷ്മശ്രദ്ധയുള്ളവരും പിതാവിനോടു മക്കളെന്നതുപോലെ പരിശുദ്ധാത്മാവിൽ സ്നേഹസല്ലാപം നടത്തുന്നവരുമായിത്തീരാനുള്ള വിലപ്പെട്ട ക്ഷണമാണ് നമുക്കു ലഭിക്കുന്നത്. ഉറപ്പുള്ള ഈ ആത്മീയ അടിത്തറയില്ലാതെ ഒരാൾക്ക് എങ്ങനെ കർത്താവിനോടും അവിടത്തെ രാജ്യത്തോടുമുള്ള തീക്ഷ്ണതയിൽ സ്ഥിരോത്സാഹത്തോടെ വർത്തിക്കുന്നതിനു കഴിയും?

**പരിശുദ്ധത്രിത്വത്തിന്റെ കൂട്ടായ്മയിലെ പങ്കുചേരൽ**

ആത്മാവിൽ ഉജ്ജ്വലിക്കുന്നതിനു വേണ്ടുന്ന ഉത്കൃഷ്ടമായ മറ്റൊരു അവബോധത്തെക്കുറിച്ച് വി. പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. 'നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു' (റോമാ 5:5). സ്നേഹത്തിന്റെ ഈ തൈലാഭിഷേകത്തെക്കുറിച്ച് ഏറെ ഹൃദ്യതയോടെ ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പ പറയുന്നു: 'വിശ്വാസികളുടെ ഹൃദയങ്ങളെ ക്രിസ്തുവിന്റെ ഹൃദയത്തോട് ഏകീകരിക്കുകയും ക്രിസ്തു സ്നേഹിച്ചതുപോലെ സഹോദരങ്ങളെ സ്നേഹിക്കാൻ ഹൃദയങ്ങളെ ചലിപ്പിക്കുകയും ചെയ്യുന്ന ആന്തരികശക്തിയാണ് യഥാർഥത്തിൽ പരിശുദ്ധാത്മാവ്' (Deus Caritas Est.n. 19). സ്നേഹത്തിന്റെ ജീവിതം തന്നെയായ സ്വർഗീയജീവിതത്തിന്റെ താളക്രമത്തിൽ ആത്മാവ് നമ്മെ ലയിപ്പിക്കുന്നു; പിതാവും പുത്രനും തമ്മിലുള്ള ആത്മബന്ധത്തിൽ വ്യക്തിപരമായി പങ്കുചേരുന്നതിനു നമ്മെ പ്രാപ്തരാക്കുന്നു; നമ്മുടെയിടയിലെ കൂട്ടായ്മകളെ ഉത്തേജിപ്പിക്കുന്നു; പരിശുദ്ധാത്മാവിനു പൂർണമായി നമ്മിൽ പ്രതിഫലിക്കുന്നതിന് ഇടനൽകുംവിധം എല്ലാ മനുഷ്യരുമായും ഉപവിയുടെ ബന്ധങ്ങൾ നെയ്തെടുക്കുന്നതിന് നമ്മെ സഹായിക്കുകയും ചെയ്യുന്നു. ഇതിന്റെയൊക്കെ തുടർച്ചയായി ക്രിസ്തുവിൽ കണ്ടെത്തിയ ആനന്ദവും ഊർജ്ജസ്വലതയും ജീവന്റെ പൂർണ്ണതയും മറ്റു സഹോദരീസഹോദരന്മാരുമായി പങ്കുവയ്ക്കുന്നതിന് ആത്മാവിന്റെ പ്രവർത്തനങ്ങൾ നമ്മെ സഹായിക്കുകയും ചെയ്യുന്നു.

**പുനരർപ്പണം**

ജീസസ് യൂത്തിന്റെ മാർഗരേഖയെ കാനോനികമായി അംഗീകരിച്ചുകൊണ്ട് റോമിലെ അത്മായ തിരുസംഘം 2016 മെയ് 15-ലെ പന്തക്കുസ്താതിരുനാളിൽ പുറപ്പെടുവിച്ച ഡിക്രിയിൽ ഉദ്ഘോഷിക്കുന്നു: 'വിശുദ്ധി അന്വേഷിച്ചുകൊണ്ട്, നിരന്തരമായ പരിശുദ്ധാത്മനിറവിൽ ആഴപ്പട്ടതും സുവിശേഷ പ്രേഷിതത്വത്തിലൂടെ അനുദിനജീവിത്തിൽ ഉറപ്പിക്കപ്പെട്ടതുമായ പ്രേഷിതശിഷ്യത്വത്തിൽ മുഴുകുക.' അതിനാൽ, ജീസസ് യൂത്തിന്റെ കോറൽ ജൂബിലി ആഘോഷങ്ങൾ കഴിഞ്ഞിരിക്കുന്ന ഈ സമയത്ത് മറിയത്തിന്റെ പ്രാർഥനകൾ തേടിക്കൊണ്ട് വിശുദ്ധിയുടെയും ശിഷ്യത്വത്തിന്റെയും യാത്രയിൽ നമ്മെ തന്നെ വീണ്ടും സമർപ്പിക്കാം. പരിശുദ്ധാത്മാവിന്റെ മണവാട്ടിയായ മറിയത്തിന്റെ സ്വർഗ്ഗീയ മാധ്യസ്ഥം അവളെ അനുകരിക്കുന്നതിനും ആത്മാവിൽ ഉജ്ജ്വലിക്കുന്നതിനും നമ്മെ സഹായിക്കും.

**ഫാ. ജോർജ്ജ് കുംബ്ലുമൂട്ടിൽ**

*(മൂന്നുപതിറ്റാണ്ടുകളായി ജീസസ് യൂത്ത് മുന്നേറ്റത്തിന്റെ സഹയാത്രികനും അറിയപ്പെടുന്ന ധ്യാനഗുരുവും പ്രഭാഷകനുമാണ്. റോമിലെ ആൻജെലിക്കം യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയിട്ടുണ്ട്)*

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*